(എഫ്)&(ജി) ജി.ഒ. (പി) 1187/99-ാം നമ്പർ ഉത്തരവുസരിച്ചുള്ള നിരക്കുകൾ ഗ്രൗണ്ട് വാട്ടർ വകുപ്പിലെ ദിവസക്കൂലിക്കാർക്ക് ബാധകമാക്കുമോ എന്നുള്ളകാര്യം പരിശോധനയിലാണ്.

83 (2774) മൂന്നാം ഗ്രേഡ് ഓവർസിയർമാരായി സ്ഥിരപ്പെടുത്തിയ ആളുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ൽ കേരള വാട്ടർ അതോറിറ്റിയിൽ മൂന്നാം

ഗ്രേഡ് ഓവർസിയർമാരായി സ്ഥിരപ്പെടുത്തിയ ആളുകൾക്ക് നിയമാനുസൃതമായി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അവർക്ക് മുൻകാല പ്രാബല്യത്തോടെ നിയമാനുസൃതം പ്രൊമോഷനും ഇതര ആനുകൂല്യങ്ങളും നൽകുമോ; ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ എത്ര കാലംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ ഒഴിവുകൾ ഇല്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്. മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല.

84 (2775) തൊഴിലാളി ക്ഷേമ നിയമങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറികളിലും ഇതര സ്ഥാപനങ്ങളിലും തൊഴിലാളി ക്ഷേമ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ തൊഴിലാളി ക്ഷേമ നിയമ ലംഘനങ്ങൾ നടത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ഡി) നിയമലംഘനങ്ങൾ നടത്തിയ തൊഴിലുടമകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാക്ടറികളിൽ ഫാക്ടറി ഇൻസ്പെക്ടർമാരും ലേബർ ഓഫീസർമാരും ക്രമമായി പരിശോധിക്കുകയും നിയമം അനുസരിച്ചുള്ള നടപടികൾ എടുക്കുകയും ചെയ്യുന്നു. ഇതര സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് പരിരക്ഷ നൽകുന്നതിനായി തൊഴിൽ വകുപ്പിന്റെ പരിശോധനാ ഉദ്യോഗസ്ഥന്മാർ ശ്രദ്ധ പതിപ്പിക്കണമെന്ന് കർശനമായ നിർദ്ദേശം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്. അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥന്മാർ സ്കാഡ് പരിശോധന നടത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ട്. തൊഴിലാളി ക്ഷേമത്തിന് അനുഗുണമായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നതിന്റെ ഭാഗമായി തൊഴിൽ സ്ഥാപനങ്ങളിലെ പരിശോധനാ നടപടിക്രമം പുതുക്കിക്കൊണ്ടുള്ള സർക്കുലർ ലേബർ കമ്മീഷണർ ഓഫീസിൽനിന്നും ഇറക്കിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം തൊഴിൽ സ്ഥാപനങ്ങളെ അവിടുത്തെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നീ നാലു ക്ലാസ്സുകളായി തിരിച്ച് 250-ന് മുകളിൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ 'എ' ക്ലാസ്സിലും 50-250 വരെ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ 'ബി' ക്ലാസിലും, 5-50 വരെ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ 'സി' ക്ലാസ്സിലും 5നുള്ളിൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ 'ഡി' ക്ലാസ്സിലും ആക്കിയിരിക്കുന്നു. ഇതിൽ 'എ' ക്ലാസ്സിൽ വരുന്ന സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് കമ്മീഷണറും, 'ബി' ക്ലാസിൽ വരുന്ന സ്ഥാപനങ്ങളിൽ അതാത് ജില്ലാ ലേബർ ഓഫീസർ (ഇ)മാരും 'സി' 'ഡി' എന്നീ ക്ലാസ്സുകളിൽ വരുന്ന സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാരും പരിശോധന നടത്തുകയും നിയമലംഘനം എന്തെങ്കിലും കണ്ടുപിടിച്ചാൽ ആയതിന് നടപടിയെടുക്കുന്നതുമാണ്. എല്ലാ സ്ഥാപനങ്ങളും വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധന നടത്തിയിരിക്കണമെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ തൊഴിലാളിക്ഷേമ നിയമലംഘനങ്ങൾ നടത്തിയ 2,24,850 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(ഡി) നിയമലംഘനങ്ങൾ കാണുന്നിടത്ത് അവയുടെ സ്വഭാവവും രൂപവും അനുസരിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നോട്ടീസ് അയയ്ക്കുക, മുന്നറിയിപ്പ് നൽകുക, നിരോധന ഉത്തരവ് പുറപ്പെടുവിക്കുക, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിക്കുന്നു. തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 8,266 കേസ്സുകൾ പ്രോസിക്യൂട്ട് ചെയ്യുകയും അതിൽ 6,233 കേസുകളിൽ ശിക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുറഞ്ഞ കൂലി നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യുകയും അന്യ സംസ്ഥാനങ്ങളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്തുകൊണ്ടുപോയിക്കൊണ്ടിരിക്കുന്ന കോൺട്രാക്ടറെ കണ്ടെത്താൻ സ്കാഡ് പരിശോധന ശക്തിപ്പെടുത്തുകയും അതുവഴി ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന 50-ൽപരം കോൺട്രാക്ടർമാരെക്കൊണ്ട് മൈഗ്രന്റ് വർക്ക്മെൻ ആക്ടിലെ വകുപ്പ് 8-ൽ അനുശാസി

ക്കുംവിധം ലൈസൻസ് എടുപ്പിക്കുന്നതുവഴി ഈ രംഗത്തെ അനധികൃത റിക്രൂട്ട്മെന്റ് ഒരു പരിധിവരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

85 (2776) അസംഘടിത തൊഴിൽ മേഖല

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ മേഖല ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ?

ഉത്തരം

സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ മേഖല ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടുമില്ല. എന്നിരുന്നാലും പാറമടകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ, ആന തൊഴിലാളികൾ, പടക്ക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, വനങ്ങളിൽ ജോലി ചെയ്യുന്നവർ, മണൽവാരൽ തൊഴിലാളികൾ, ഭൂമി കുഴിക്കുന്ന (എർത്ത് കട്ടിംഗ്) തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കിണറു കുഴിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, മരംമുറിക്കൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തുടങ്ങിയവരെ അസംഘടിത മേഖലയിലെ തൊഴിലാളികളായി കണക്കാക്കാവുന്നതാണ്.

86 (2777) കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് എടുത്തിട്ടുള്ള നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് എടുത്തിട്ടുള്ള നടപടി എന്തെല്ലാമാണ്;

(ബി) സർക്കാർ തൊഴിലും പുനരധിവാസവും (ഇ) വകുപ്പ് 1990 മെയ് 10-ന് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം നം.19664/ഇ1/96/തൊഴിൽ അനുസരിച്ച് എന്നു മുതൽ പുതിയ മിനിമം വേജസ് നടപ്പിലാക്കാൻ കഴിയും;

(സി) മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് വാങ്ങിയതിനു ശേഷം കൂലി പുതുക്കിക്കൊണ്ട് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ കാരണം എന്താണ്;

(ഡി) സർക്കാർ ഇതിനായി അവസാനം എന്നാണ് കമ്മിറ്റി രൂപീകരിച്ചത്; ഈ കമ്മിറ്റിയിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ; ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് മൊത്തം എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഭാഗം ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 10-5-'99ലെ 19664/ഇ1/96/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനം 19-6-'99ലെ അസാധാരണ ഗസറ്റിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly